**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം -കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിലെ മൈലാടി-ഭജനമഠം റോഡ് ടാറിംഗ് വർക്കുമായി ബന്ധപ്പെട്ട ക്രമക്കേട് -മുൻ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ശ്രീ.ഷെറഫ്.പി.ഹംസയ്ക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (സാധാ)നം.2945/2018/തസ്വഭവ, തിരുവനന്തപുരം, തീയതി: **19/11/2018**

പരാമർശം :- 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 09/10/2015-ലെ നം.ഇ 5(എസ്.സി16/2015/ഇആർകെ) 30150/2015 നമ്പർ കത്ത്.

2) ശ്രീ.ഷെറഫ്.പി.ഹംസയ്ക്ക് നൽകിയ 18/03/2017-ലെ കുറ്റപത്രവും കുറ്റാരോപണ പത്രികയും

3) സ.ഉ (സാധാ) നം.1259/2018/തസ്വഭവ, തീയതി 04/05/2018

4) ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ ഡോ.പി.കെ സനിൽകുമാർ സമർപ്പിച്ച 11/06/2018-ലെ 7708/എസ്റ്റാ.ബി1/11/സിആർഡി നമ്പർ കത്ത്.

5) സർക്കാരിന്റെ 12.07.2018 ലെ നം.ആർബി3/35/2017/തസ്വഭവ നമ്പർ സർക്കാർ കത്ത്.

6) ഗ്രാമവികസന കമ്മീഷണറുടെ 16.08.2018 ലെ സിആർഡി/227/2016-എസ്റ്റാ.എ 2 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിലെ മൈലാടി -ഭജനമഠം റോഡ് ടാറിംഗ് വർക്കിൽ ക്രമക്കേടുള്ളതായി ആരോപിച്ചുകൊണ്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വർക്ക് സംബന്ധിച്ച എം.ബുക്കും വർക്കുഫയലും എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറാത്തതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ മുൻ ഈരാറ്റുപേട്ട ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തു. ശുപാർശയുടെ അടിസ്ഥാനത്തിൽ മുൻ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ശ്രീ.ഷെറഫ്.പി.ഹംസയ്ക്കെതിരെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം, ചട്ടം 15 പ്രകാരം സർക്കാർ അച്ചടക്ക നടപടി സ്വീകരിച്ചു. പരാമർശം (2) പ്രകാരം ടിയാന് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി. നടപടി ക്രമത്തിന്റെ ഭാഗമായി പരാമർശം (3) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചു. അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

അന്വേഷണ ഉദ്യോഗസ്ഥൻ സ്ഥലം നേരിട്ട് സന്ദർശിച്ചതിൽ നിന്നും മൈലാടി ഭജനമഠം റോഡ് ഇപ്പോഴും ഗതാഗതയോഗ്യമാണെന്ന് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും എം.ബുക്ക് വിതരണം ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തിയുടെ അളവ് എം.ബുക്കിൽ രേഖപ്പെടുത്താത്തതും സർപ്രൈസ് ചെക്ക് സമയത്ത് എം.ബുക്ക് പരിശോധനയ്ക്ക് നല്കാത്തതും ബ്ലോക്ക് ഡവലപ്പ്മെന്റ്

ഓഫീസറുടെ വീഴ്ചയായി കാണുവാൻ കഴിയുകയില്ലയെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു. പ്രവൃത്തി ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിൽ സംശയം തോന്നിയതിനാലാണ് വിജിലൻസിൽ പരാതി നല്കിയതെന്നും ഉദ്യോഗസ്ഥൻ നിരപരാധിയാണെന്നും പരാതിക്കാരൻ ഹിയറിംഗ് വേളയിൽ മൊഴി നല്കിയിട്ടുണ്ടെന്നും പ്രവൃത്തിയ്ക്കായി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ തുക അനുവദിച്ചിട്ടില്ലെന്നും പ്രസ്തുത സാഹചര്യത്തിൽ ശ്രീ.ഷെറഫ്.പി.ഹംസക്കെതിരായ ആരോപണങ്ങൾ നിലനിൽക്കുന്നതല്ലയെന്ന് അനുമാനിക്കാവുന്നതാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു. കുറ്റപത്രത്തിന് യഥാസമയം മറുപടി നല്കാതിരുന്നത് മനഃപൂർവ്വമല്ലാത്ത വീഴ്ചയായി കണക്കാക്കി തുടർനടപടികളിൽനിന്നും ടിയാനെ ഒഴിവാക്കണമെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു.

അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനങ്ങൾ ശരിയല്ലയെന്ന ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുമ്പോൾ നടപ്പിലാക്കേണ്ട നടപടിക്രമം സംബന്ധിച്ച് പരാമർശം (5) പ്രകാരം സർക്കാർ ഗ്രാമവികസന കമ്മീഷണറോട് സ്പഷ്ടീകരണം ആരാഞ്ഞു. നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ ആണ് എം.ബുക്ക് ഇഷ്യൂ ചെയ്യുന്നതെന്നും കരാർ ഉടമ്പടി വെച്ചതിനുശേഷം പ്രവർത്തി ഭൗതികപരമായി ആരംഭിക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയിർക്കാണ് എം.ബുക്ക് കൈമാറുന്നതെന്നും വർക്ക് ഫയലിന്റെ കസ്റ്റോഡിയൻ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ ആണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധനയ്ക്കായോ , നടത്തിപ്പിനിടയിൽ എസ്റ്റിമേറ്റും മറ്റ് പരിശോധിക്കുകയോ ബില്ല് തയ്യാറാക്കുന്ന വേളയിലോ ആവശ്യാനുസരണം ബന്ധപ്പെട്ട എഞ്ചിനീയിർക്ക് ഫയൽ കൈമാറാവുന്നതാണെന്നും സാധാരണ ഗതിയിൽ കരാർ വെച്ചതിനു ശേഷം പ്രവർത്തി ആരംഭിക്കുവാൻ സജ്ജമാക്കിയതിൽ പിന്നീടാണ് സൈറ്റ് കൈമാറ്റം നടത്തുന്നതെന്നും പ്രവർത്തി ആരംഭിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട എഞ്ചിനീയർക്ക് എം.ബുക്ക് അനുവദിക്കാവുന്നതാണെന്നും എന്നാൽ കരാർ വച്ചതിനു ശേഷം പ്രവർത്തി ആരംഭിക്കുന്നതിന് കാലാവസ്ഥയും മറ്റ് സാഹചര്യങ്ങളും അനുകൂലമാകുമ്പോൾ കൺവീനർ ബന്ധപ്പെട്ട എഞ്ചിനീയറെ അറിയിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനുമായി ബന്ധപ്പെടുകയും എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തി നിർവ്വഹിക്കുകയുമാണ് ചെയ്യുന്നതെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ 9 ഗ്രാമപഞ്ചായത്തുകളിലായി നടപ്പാക്കുന്ന പ്ലാൻ ഫണ്ട്, എം.എൽ.എ.എസ്.ഡി.എഫ്, എം.പി.ലാഡ്, എഫ്.ആർ.ഡബ്ലിയു, എം.ജി.എൻ.ആർ.ഇ.ജി.എസ്, പി.എം.കെ.എസ്.വൈ എന്നിങ്ങനെ നിരവധിയായ പ്രവർത്തികൾ ഒരേ സമയം നടന്നുവരുന്നതിനാൽ ഏതെങ്കിലും പ്രവർത്തിയുടെ കൺവീനർ നടപടിക്രമങ്ങളെക്കുറിച്ച് ധാരണയില്ലാതെയോ മുൻകൂട്ടി അറിയിക്കാതെയോ ഏകപക്ഷീയമായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ അറിവോ സമ്മതമോ കൂടാതെ എഞ്ചിനീയറെ അറിയിച്ച് പ്രവർത്തി ആരംഭിച്ചേക്കാമെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ ഷെറഫ്.പി.ഹംസയെ 19/9/2018-ന് നേരിൽകേട്ടു. ഈരാറ്റുപേട്ട ബ്ലോക്കിനുകീഴിൽ ധാരാളം റോഡുപണികൾ നടക്കുന്നുണ്ടായിരുന്നുവെന്നും എല്ലാപണികളിലും കൃത്യമായി നടപടിക്രമം പാലിക്കാൻ കഴിയാറില്ലായെന്നും നേരിൽ കേട്ട വേളയിൽ ടിയാൻ അറിയിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു എം. ബുക്ക് issue ചെയ്യുന്നത് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ ആണ് എന്നും വർക്ക് ആരംഭിക്കുന്നതിന് മുമ്പാണ് എം.ബുക്ക് കൈമാറേണ്ടത്എന്നും വർക്ക് ഫയലിന്റെ കസ്റ്റോഡിയൻ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ ആണെന്നും കാണുന്നു. എന്നാൽ വർക്ക് ഫയലിന്റെ കസ്റ്റോഡിയനായ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, യഥാസമയം വർക്ക് ഫയൽ, എം. ബുക്ക് എന്നിവ കൈമാറിയിരുന്നില്ല എന്നത് വസ്തുതയാണ്. ശ്രീ.ബാബുകുമാരൻ, ആദിദ്രാവിഡൻ, കൈനംകുളത്ത് എന്നയാളുമായി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ കരാർ വച്ചിട്ടുള്ളതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ആയതിനാൽ എം.ബുക്കും വർക്ക് ഫയലും ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ യഥാസമയം ബന്ധപ്പെട്ടവർക്ക്കൈമാറേണ്ടിയിരുന്നു. എന്നാൽ വിജിലൻസ് ആവശ്യപ്പെട്ട പ്രകാരം പിന്നീട് മൈലാടി-ഭജനമഠം റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. പണി പൂർത്തിയാക്കിയെങ്കിലും പണം

നൽകിയിട്ടില്ലാത്തതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം വന്നിട്ടില്ല. എന്നാൽ നടപടിക്രമത്തിൽ വീഴ്ച വന്നിട്ടുള്ളതായി കാണുന്നതിനാൽ മേലിൽ ഇത്തരം വീഴ്ച ആവർത്തിക്കാതിരിക്കുവാൻ ശക്തമായ താക്കീത് (സെൻഷ്വർ) നൽകി ശ്രീ.ഷെറഫ്.പി.ഹംസക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ.എം**

**അണ്ടർ സെക്രട്ടറി**

1) ശ്രീ.ഷെറഫ്.പി.ഹംസ, മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ഈരാറ്റുപേട്ട (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
4) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5) വിജിലൻസ് (ഇ) വകുപ്പ് (16/10/2018 ലെ അ.ഔ ക.നം.ഇ 3/497/2018/വിജി നമ്പർ കത്ത്).
6) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & newmedia)
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ